TB Movie Panel Weekly Review

**#moviepanel**

കന്നത്തിൽ മുത്തമിട്ടാൽ

Written By : Jithin Sreedhar

ചിത്രത്തിന്റെ അവസാന ഭാഗത്ത്, സ്വന്തം അമ്മയോട് 'അമുദ' യുടെ നിഷ്കളങ്കമായ ഒരു ചോദ്യമുണ്ട്.

"എന്നെ പ്രസവിച്ച സമയത്ത് നിങ്ങൾ എന്നെ കെട്ടിപിടിച്ചിരുന്നോ? ഞാൻ അപ്പോൾ പുഞ്ചിരിച്ചോ? അതോ കരഞ്ഞോ?" എന്ന്!

പ്രസവിച്ച നിമിഷം ഉപേക്ഷിച്ചു, വർഷങ്ങൾക്ക് ശേഷം മുന്നിൽ വന്ന് നിൽക്കുന്ന സ്വന്തം അമ്മയോട് ചോദിക്കാൻ; അമുദം എഴുതി തയ്യറാക്കിയ ഇരുപത് ചോദ്യങ്ങളിൽ മൂന്നാമത്തെ ചോദ്യം ആയിട്ടാണ് ഇത് വരുന്നത്. സത്യത്തിൽ തന്റെ അച്ഛനെ കുറിച്ചോ, തന്നെ ഉപേക്ഷിക്കാൻ ഉണ്ടായ കാരണത്തെ കുറിച്ചോ ആ കുഞ്ഞിനെ കൊണ്ട് കൂടുതൽ ചോദിപ്പിച്ച്, ഒന്ന് കൂടി ഡ്രാമാറ്റിക്ക് ആക്കാമായിരുന്ന ഒരു നിമിഷത്തിൽ ആണ് കളങ്കമില്ലാത്ത ഒരു ചോദ്യം പോലെ ഇത് വരുന്നത്. അത് കൊണ്ട് തന്നെ, ചിത്രത്തിന്റെ ആദ്യ കാഴ്ചയിൽ ഈ ഡയലോഗ് അത്ര പ്രാധാന്യത്തോടെ ശ്രദ്ധിച്ചിരുന്നും ഇല്ല.

ശ്രീലങ്കൻ തമിഴ് പോരാളിയും, അമുദയുടെ യഥാർത്ഥ അമ്മയും ആയ നന്ദിദ ദാസിന്റെ 'ശ്യാമ' എന്ന കഥാപാത്രം ഇതിന് ;

"പിറന്ന മാത്രയിൽ നിന്നെ എന്നിൽ നിന്നും അവർ വേർപെടുത്തി. പിന്നീട് ഒരു വിരൽ സ്പർശം, അത്ര മാത്രമേ എനിക്ക് സാധിച്ചുള്ളൂ" എന്ന് മറുപടി പറയുമ്പോൾ അമുദ താൻ അമ്മയോട് ചോദിക്കാൻ എഴുതി വെച്ചിരുന്ന ചോദ്യങ്ങൾ അടങ്ങിയ പേപ്പർ മടക്കുന്നു. ഇനി തനിക്ക് ഒന്നും ചോദിക്കാൻ ഇല്ല എന്ന അർത്ഥത്തിൽ അവൾ തല കുനിക്കുമ്പോൾ, അത് വരെ തന്റെ ഏത് പ്രതിസന്ധി ഘട്ടത്തിലും പതറാതെ നിന്ന മാധവന്റെ കഥാപാത്രം പോലും ഒരു നിമിഷം പതറി പോകുന്നുണ്ട്.

ഇവിടെയാണ് സിമ്രാന്റെ, ഇന്ദിര എന്ന അമുദയുടെ വളർത്തമ്മയുടെ ചോദ്യം വരുന്നത്;

" നിങ്ങൾക്ക് ഇപ്പോൾ അവളെ കെട്ടിപിടിക്കാമല്ലോ"

ആ നിമിഷത്തിൽ സിമ്രാന്റെ മുഖത്തുള്ള ഒരു തെളിച്ചമുണ്ട്. അക്ഷരാർത്ഥത്തിൽ ആ നിമിഷം സിനിമയുടെ താളം, വർഷങ്ങൾക്ക് ശേഷം സ്വന്തം മകളെ കാണുന്ന അമ്മയുടെ പിരിമുറുക്കത്തിൽ നിന്നും, സ്വന്തം പ്രാണനെ പോലെ സ്നേഹിച്ച മകളെ, അവളുടെ യഥാർത്ഥ അമ്മയെ കാണിച്ചു കൊടുക്കേണ്ടി വരുന്ന ഇന്ദിരയുടെ നെഞ്ചിടിപ്പിലേക്ക് പറിച്ചു നടുകയാണ്. സിനിമയിലെ മാധവന്റെ നായക കഥാപാത്രം, ഇന്ദിര എന്ന തൂലിക

നാമത്തിലാണ് അറിയപ്പെടുന്നത് എന്നതും ഇവിടെ ശ്രദ്ധേയമാണ്. അതേ, ഇന്ദിര, അല്ലെങ്കിൽ സ്നേഹിക്കാൻ മാത്രം അറിയുന്ന അനേകായിരം ഇന്ദിരമാരാണ് യഥാർത്ഥ ഹീറോസ്.

ഇതിന് മുൻപുള്ള ഒരു സീനിൽ അമുദയുടെ അമ്മയെ കാത്തിരിക്കുന്ന വേളയിൽ, അവർ ഇനി വരില്ല എന്ന് കേൾക്കുമ്പോൾ ഇന്ദിരയുടെ മുഖത്ത് മിന്നിമായുന്ന ഒരു ആശ്വാസവും, അതിനും വളരെ മുൻപ്, താൻ അല്ല അമ്മ എന്ന് മകളോട് വെളിപ്പെടുത്തുന്ന സമയത്തെ അവരുടെ ചില ചലനങ്ങളും! ഒരമ്മയുടെ ഉള്ളിലെ സംഘര്ഷങ്ങൾ; സിമ്രാനെ ഇത്ര മനോഹരമായി ആരെങ്കിലും ഇതിന് മുൻപോ, ശേഷമോ ക്യാമറയിൽ പകർത്തിയിട്ടുണ്ടോ എന്ന് സംശയമാണ്!

ചിത്രം പറയുന്നതും അത് തന്നെ ആണ്. സ്നേഹമാണ് എല്ലാത്തിനും പരിഹാരം. മാധവന്റെയും, പ്രകാശ് രാജിന്റെ കഥാപാത്രങ്ങൾ കുറിച്ചു കൂടി പ്രതീക്ഷ അറ്റവരാണ്. കുറച്ചു കൂടി പ്രാക്ടിക്കൽ ആണ്. ബോംബും, തോക്കും ഉണ്ടാക്കുന്ന കമ്പനികൾ ലോകത്തിൽ ഉള്ളിടത്തോളം, അവരുടെ പ്രധാന മാർക്കറ്റ് ആയ യുദ്ധ ഭൂമികൾ അവസാനിക്കില്ല എന്നവർ പറയുന്നു. പോരാളിയായ ശ്യാമയുടെ ആശയങ്ങളും വ്യത്യസ്തമല്ല. അവർക്ക് ചെയ്ത് തീർക്കാൻ ഇനിയും ജോലികൾ ഉണ്ട്. ഇന്ദിരക്ക് പക്ഷെ, ഇത് ഒന്നും അറിയില്ല. അല്ലെങ്കിൽ അവർ കാര്യമാക്കുന്നില്ല. അവർ പൊസ്സസിവ് ആണ്. അവർക്ക് വേണ്ടത് സ്നേഹം ആണ്. അവർക്ക് നൽകാൻ കൈയ്യിൽ ഉള്ളതും അത് മാത്രം! അത് കൊണ്ട് തന്നെ ആകണം, അമുദം അവസാന നിമിഷത്തിൽ ഇന്ദിരയുടെ കവിളിൽ, കണ്ണത്തിൽ, മുത്തം ഇടുന്നതും, ആ ഫ്രെയിമിൽ സിനിമ അവസാനിക്കുന്നതും!

കണ്ണത്തിൽ മുത്തമിട്ടാൽ. 2002 ലെ ഫെബ്രുവരി 14 ന്, മണിരത്നം ഇറക്കിയ ദൃശ്യ കാവ്യം. അമുദവും അവനും എന്ന പേരിൽ ഇറങ്ങിയ ശ്രീ സുജാതയുടെ ചെറു കഥയ്ക്ക്, ഇരുവരും ചേർന്ന് തിരക്കഥ ഒരുക്കിയപ്പോൾ, അതിന് ക്യാമറ ഒരുക്കിയത് രവി കെ ചന്ദ്രൻ ആണ്. കൂടെ A R റഹ്മാന്റെ സംഗീതവും.

ഈ സിനിമക്ക് പല ആഖ്യാനങ്ങൾ ഉണ്ടാകാം. ഇത് സമൂഹത്തിൽ ചർച്ചക്ക് വെച്ച മറ്റനേകം വിഷയങ്ങൾ ഉണ്ടാകാം. അവ എന്ത് തന്നെ ആയാലും, ഈ വരുന്ന ജൂണ് 2 ന്, 66 വയസ്സ് തികയുന്ന മണിരത്നത്തിന്റെ കണ്ണത്തിൽ ഒരു മുത്തം നൽകി കൊണ്ട് , ഇവിടെ ഈ സിനിമ ഒന്ന് ഓർമ്മ പെടുത്തുക എന്നത് മാത്രം ഉദ്ദേശ്ശിച്ചു കൊണ്ട് തല്ക്കാലം നിർത്തുന്നു.